# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2463 — 20.06.2012 -ൽ മറുപടിയ്ക്ക്

**മിശ്രവിവാഹിതർക്ക് വിവാഹ ധന സഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | മുൻ സർക്കാരിൻെറ കാലത്ത് പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് എത്ര തുക വിവാഹ ധനസഹായമായി വർദ്ധിപ്പിച്ച് നൽകിയെന്ന് അറിയിക്കുമോ; | (എ) | മുൻ സർക്കാരിൻെറ കാലത്ത് പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം 10,000/- രൂപയിൽ നിന്ന് 20,000/- രൂപയായി വർദ്ധിപ്പിച്ചു. പട്ടികജാതി വിഭാഗങ്ങൾ ഉൾപ്പെടുന്ന മിശ്രവിവാഹിതർക്കുള്ള ധനസഹായം 20,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിച്ചു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മിശ്ര വിവാഹിതർ ആനുകൂല്യത്തിനായി അപേക്ഷ നൽകിയെന്നും അപേക്ഷകർക്കായി എത്ര തുക വീതം നൽകിയെന്നും വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 2662 പേർ മിശ്ര വിവാഹ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിൽ 1820 പേർക്ക് 50,000/- രൂപ വീതവും 480 പേർക്ക് 20,000/- രൂപ വീതവും ഒരാൾക്ക് 10,000/- രൂപയും 2 പേർക്ക് 5,000/- രൂപ വീതവും ഒരാൾക്ക് 500/- രൂപയും ചേർത്ത് ആകെ 2304 പേർക്ക് 10,06,20,500/- രൂപ |

നൽകിയിട്ടുണ്ട്. കൂടാതെ ബാക്കി അപേക്ഷകർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക വിതരണം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മിശ്ര വിവാഹിതർക്കുള്ള വിവാഹ ധനസഹായം ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

(സി) മിശ്ര വിവാഹിതർക്കുള്ള വിവാഹ ധനസഹായം പട്ടികജാതി വിഭാഗത്തിന് ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വിഭാഗം ഉൾപ്പെടുന്ന മിശ്രവിവാഹിതർക്കുള്ള ധനസഹായം 10,000/- രൂപയിൽ നിന്നും പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്നതു പോലെ 50,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.